ഇതുകൂടാതെ ഓരോതാലൂക്കിലും നിവസിക്കുന്ന അധഃകൃതരുടെ പ്രത്യേക ആവശ്യത്തിനായി ൫,൦൦൦ ക. കൊടുത്തിട്ടുണ്ട്. ശേഷം ൨൫൦ ക. പഞ്ചായത്ത ഡിപ്പാർട്ടുമേണ്ടു മുഖാന്തിരം നടത്തുന്ന പണികളിൽ ഏതിനെങ്കിലും വക പോരാതെവന്നാൽ ഉപയോഗിക്കുന്നതിനു നീക്കിവെച്ചിരിക്കുന്നു.

(b & c) ഉവ്വ. ൫൦൦ ഉറുപ്പികവരെയുള്ള വായ്പകൾ കൊടുപ്പാൻ ഓരോ താലൂക്കിലേക്കും ൫,൦൦൦ ക. വീതം കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ൬ ൫,൦൦൦ ക. ൫൦൦ ക. യിൽ കവിയുന്ന വായ്പകൾക്ക നീക്കിവെച്ചിരിക്കുകയാണ്, അപേക്ഷക്കാർ ആവശ്യപ്പെട്ടുമ്പോൾ വേണ്ടയന്വേഷണം നടത്തിയതിനു ശേഷം സംഖ്യ വീതിച്ചു കൊടുക്കുന്നതാണ്.

Construction of roads in Cranganur.

444. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ബസ്സു സർവ്വിസ്സുകൾ നടപ്പുള്ള കൊടുങ്ങല്ലൂരും കരുപ്പടന്നയും തമ്മിൽ ബന്ധിക്കുവാനും ബസ്സുകൾ മുതലായ വാഹനങ്ങൾക്കു ഗതാഗതം ചെയ്യുവാനും തക്കവണ്ണം ഗവമ്മെണ്ടു് എന്തെല്ലാം പ്രവൃത്തിച്ചിട്ടുണ്ടെന്നു് സഭയം പറയുമൊ;

(b) പുല്ലറ റോഡുകളുടെ പണി പൂർത്തീകരിക്കാതിരിപ്പാൻ കാരണമെന്തെന്നു സഭയം പറയുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—കുരിയാപ്പിള്ളി റോഡും കോട്ടപ്പുറം റോഡും മോട്ടോർ വാഹനങ്ങൾക്കു ഗതാഗതത്തിനു ഉതകത്തക്കവണ്ണം സക്കാരിൽനിന്നും സംരക്ഷിച്ചു പോരുന്നുണ്ടു്. കരുപ്പടന്നക്കും കൊടുങ്ങല്ലൂരിനും മദ്ധ്യേ മോട്ടോർ ബോട്ടുകൾക്കു ഉപയോഗപ്രദമാകംവണ്ണം ഒരു തോടു താഴ്ത്തിവരുന്നുണ്ടു്.

(b) കരുപ്പടന്നക്കും പുല്ലറിനും മദ്ധ്യത്തിൽ നടവഴിയില്ലാത്തതുകൊണ്ടും അവയെ സംഘടിപ്പിക്കുന്നതിനുള്ള വിഷമതകൊണ്ടും പുല്ലറ റോഡുകൾ ഇപ്പോൾ നന്നാക്കീട്ടുള്ള വിധം നടവഴികളായിട്ടല്ലാതെ ആദ്യം ഉദ്ദേശിച്ചപോലെ കല്ലിട്ടതായ റോഡ് ആവശ്യമില്ലെന്നു തീർച്ചയാക്കി.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കോട്ടപ്പുറം റോഡിന്റെ വീതികുറവു നിമിത്തം ഒരാൾ ബസ്സുകയറി മരിച്ച സംഗതി അറിയാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—എനിക്കറിഞ്ഞുകൂടാ.

പ്രസിഡെണ്ടു്.—റോഡിന്റെ വീതി കുറവുകൊണ്ടൊ മറവുവല്ല കാരണം കൊണ്ടൊ? സാധാരണയായി വണ്ടിവരുമ്പോൾ ചിലരൊക്കെ പെട്ടന്നു സംഭ്രമിച്ചു പോയേക്കും. അവർ അങ്ങോ

LIBRARY ARCHIVES Kerala Legislative Assembly

ട്ടും ഇങ്ങോട്ടും ചാടി അപകടത്തിൽ പെടാറുമുണ്ട്. റോഡിന്റെ വീതികുറവുകൊണ്ടാണെങ്കിൽ ഇങ്ങിനെ ആളുകൾ വളരെ മരിക്കണമല്ലൊ. (ചിരി.)

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അങ്ങിനെയാണെന്നാണ് കേൾവി. (ചിരി)

പ്രസിഡെണ്ട്.—അങ്ങിനെയാണെങ്കിൽ ആക്സിഡൻറസ് ധാരാളമുണ്ടായിരിക്കണമെല്ലൊ. ആളുകളും വളരെ മരിക്കണം. (ചിരി.)

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കോട്ടപ്പുറവും കുരുപ്പടന്നയും ചാലുകൊണ്ടു ബന്ധിക്കുന്നതിനു വല്ല ആലോചനയും ഉണ്ടായിരുന്നുവൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ—ഉവ്വ്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതിനുദ്ദേശം എത്ര ചിലവു് വേണ്ടിവരും?

പ്രസിഡെണ്ട്.—ആദ്യം പുല്ലറയിലേക്കും പിന്നെ കൊടുങ്ങല്ലൂക്കും അല്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതെ. ഉദ്ദേശം ചിലവു 50,000 ഉറുപ്പികയോളമാകും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇപ്പോൾ ആ ആലോചന എങ്ങിനെ ഇരിക്കുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇപ്പോൾ അസ്കീം വേണ്ടെന്നു വെച്ചിരിക്കുന്ന സമയമാണു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂരും ഇതരപ്രദേശങ്ങളും ഒരുമിച്ചു് ബന്ധിക്കുന്നതിനു താവമ്മെണ്ടു് എന്തു ഏർപ്പാടാണു് ചെയ്യുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഒരുതോടു കുത്തിക്കുന്നുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കരവഴിക്കു്?

പ്രസിഡെണ്ടു്.—മതിലകത്തു നിന്നു പാലംകെട്ടി മറ്റു സ്ഥലങ്ങളായി യോജിപ്പിക്കുവാനാണു് ആലോചന. മലബാർ കളക്ടരോടു് ഇതിനെപ്പറ്റി എഴുതി ചോദിക്കുകയുണ്ടായി. മെറൽ റോഡ വരുന്നപക്ഷം വേണ്ടതു ചെയ്യാമെന്നാണു മറുപടി പറഞ്ഞതു്. അതിനു ഇപ്പോൾ ഡിസ്ട്രിക്ട ബോർഡിൽ നിന്നു ഏർപ്പാടു് ചെയ്യുന്നുണ്ടു്. റോഡു് ഇപ്പോൾ മതിലകം വരെയായിട്ടുണ്ടു്. റോഡു് ശരിയായി കഴിഞ്ഞാൽ പാലം പണിയാമെന്നാണു് വെച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly